"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മാണിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് ഭാരതസർക്കാരിന്റെ ജലവിഭവ മന്ത്രാലയം ഏർപ്പെടുത്തിയിട്ടുള്ള ദേശീയ ജലശക്തി പുരസ്കാരദാന ചടങ്ങിൽ പങ്കെടുക്കുന്നതിന് ഡൽഹിയിലേക്കും തിരിച്ചും വിമാനയാത്ര നടത്തുന്നതിനും സംസ്ഥാനാന്തര യാത്രയ്ക്കുമുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.1210/2023/LSGD തീയതി,തിരുവനന്തപുരം, 12-06-2023

---

പരാമർശം:- 1. കേന്ദ്ര ജലവിഭവ മന്ത്രാലയ സെക്രട്ടറി മാണിക്കൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ 12.05.2023 ലെ D.O.No. K-11025/16/2022-IEC/48 നമ്പർ കത്ത്.

2. മാണിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 30.05.2023 - ലെ PDT/17/2023 നമ്പർ കത്ത്.

**ഉത്തരവ്**

മാണിക്കൽ ഗ്രാമപഞ്ചായത്തിന് ഭാരത സർക്കാരിന്റെ ജലവിഭവ മന്ത്രാലയം ഏർപ്പെടുത്തിയിട്ടുള്ള ദേശീയ അവാർഡായ ജലശക്തി പുരസ്കാരം ലഭിച്ചിട്ടുള്ളതായി പരാമർശം (1) പ്രകാരം കേന്ദ്ര ജലവിഭവ മന്ത്രാലയം മാണിക്കൽ ഗ്രാമപഞ്ചായത്തിനെ അറിയിച്ചിരുന്നു. ജനപ്രതിനിധികളും നിർവ്വഹണ ഉദ്യോഗസ്ഥരുമടക്കം 20 പേർക്ക് പുരസ്കാരദാന ചടങ്ങിൽ പങ്കെടുക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം മാണിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേന്ദ്ര ജലവിഭവ മന്ത്രാലയത്തിന്റെ ജലശക്തി പുരസ്കാരദാന ചടങ്ങിൽ പങ്കെടുക്കുന്നതിന് മാണിക്കൽ ഗ്രാമ പഞ്ചായത്ത്

പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് ഡൽഹിയിലേക്കും തിരിച്ചും വിമാനയാത്ര നടത്തുന്നതിനുള്ള സംസ്ഥാനന്തര യാത്രാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പുരസ്കാരദാന ചടങ്ങിൽ പങ്കെടുക്കുന്നതിനാവശ്യമായ യാത്രാ ചെലവുകൾ മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് വിനിയോഗിക്കുന്നതിന് യഥേഷ്ടാനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GANGA G R

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

ഡയറക്ടർ, (റൂറൽ) തദ്ദേശ സ്വയംഭരണ വകുപ്പ്.

ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

പ്രസിഡന്റ്/സെക്രട്ടറി, മാണിക്കൽ ഗ്രാമപഞ്ചായത്ത്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

അക്കൗണ്ടന്റ് ജനറൽ (A&E/Audit) തിരുവനന്തപുരം.

കരുതൽ ഫയൽ (EM2/87/2023-LSGD)

ഉത്തരവിൻ പ്രകാരം

Signed by
M.k.pradeesh Kumar
Date: 12-06-2023 16:09:10

സെക്ഷൻ ഓഫീസർ